# സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ കോടതി

ആഞ്ജനേയ, റ്റി.സി. 9/1023 (1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം, തിരുവനന്തപുരം- 695 010

**ഹാജർ: ശ്രീ.എസ്.എച്ച്. പഞ്ചാപകേശൻ, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

## OP (RPwD) No. 1593/S2/2021

**2022 ഫെബ്രുവരി മാസം 26-ാം തീയതി**

ഹർജികക്ഷി : **കുമാർ.എ**
C/o. ശ്രീമതി.ലേഖ.പി
പ്ലാങ്കാലവിള വീട്, കിടാരക്കുഴി,
കിടാരക്കുഴി(പി.ഒ) തിരുവനന്തപുരം

എതിർകക്ഷി : മാനേജിംഗ് ഡയറക്ടർ ,
നെയ്യാറ്റിൻകര കോ-ഓപ്പറേറ്റീവ് അർബൻ
ബാങ്ക് ലിമിറ്റഡ് നം.931,
നെയ്യാറ്റിൻകര,തിരുവനന്തപുരം.

ഈ കേസ്സിൽ അവസാന വാദം 24/02/2022 ൽ നടന്നിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ഈ കോടതി താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു :

## ഉത്തരവ്

ഭിന്നശേഷിക്കാരനായ ഹർജിക്കാരൻ കുമാർ.എ. എന്ന ആൾ, എതിർകക്ഷി നെയ്യാറ്റിൻകര കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൽ ദിവസ വേതന അടിസ്ഥാനത്തിൽ പ്യൂൺ ആയി ജോലി ചെയ്തിരുന്നു എന്നും, എന്നാൽ ഇപ്പോൾ ടി ബാങ്കിൽ നിന്നും പിരിച്ചുവിട്ടു എന്നും, പുനഃർ നിയമനം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചു എന്നാലും, ടി ജോലിക്ക് അർഹതയില്ല എന്നു പറഞ്ഞ് ടി ബാങ്ക് അധികൃകർ തന്റെ പുനഃർനിയമനം സംബന്ധിച്ച അപേക്ഷ. നിരസിച്ചു എന്നും, അതിനാൽ തനിക്ക് പുനഃർനിയമനം നല്കുവാൻ ബാങ്ക് അധികൃതർക്ക് നിർദ്ദേശം നല്കണം എന്ന അപേക്ഷയുമായാണ് ഹർജിക്കാരൻ സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിനെ സമീപിച്ചിരിക്കുന്നുത്.

2. എതിർകക്ഷി സഹകരണ അർബൻ ബാങ്കിനുവേണ്ടി അതിന്റെ മാനേജിംഗ് ഡയറക്ടർ കാര്യവിവരപത്രിക ബോധിപ്പിച്ചു. ഹർജിക്കാരൻ ടി സഹകരണ ബാങ്കിൽ ടി കാലയളവിൽ ജോലി ചെയ്തത് ശരിയാണ് എന്നും, എന്നാൽ ടിയാൻ ഒരു ഭിന്നശേഷിക്കാരനാണ് എന്ന വസ്തുത ബാങ്ക് അധികൃതരോട് വെളിപ്പെടുത്തിയിരുന്നില്ല എന്നും, ഹർജിക്കാരന്റെ പുന:ർനിയമനത്തിനുള്ള അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്നും മറ്റുമുള്ള തർക്കങ്ങൾ ഉന്നയിച്ചു.

3. ടി അവകാശവാദത്തിന്റെയും, തർക്കങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്നവ പരിഗണനാസംഗതികളായി തീരുമാനിച്ചു:

1. എതിർകക്ഷി സഹകരണ ബാങ്കിൽ ഭിന്നശേഷിക്കാരൻ എന്ന നിലയിൽ പുന:ർനിയമനം ലഭിക്കുന്നതിന് ഹർജിക്കാരന് അർഹതയുണ്ടോ ?
2. 2016 ലെ ഭിന്നശേഷി അവകാശനിയമപ്രകാരമുള്ള തൊഴിൽ സംബന്ധമായ ആനുകൂല്യങ്ങൾക്ക് ഹർജിക്കാരന് അർഹതയുണ്ടോ?
3. പരിഹാരങ്ങൾക്ക് ഹർജിക്കാരന് അർഹതയുണ്ടോ?

4. ഈ കേസിൽ ഇരു ഭാഗത്തു നിന്നും വാക്കാലുള്ള തെളിവുകൾ തന്നിട്ടില്ല. ഹർജിക്കാരൻ ഭാഗത്തു നിന്നും Exts.P1 & P2 അക്കമിട്ടു. എതിർകക്ഷി ഭാഗത്തു നിന്നും രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

5. <u>പരിഗണനാസംഗതി (1) & (2) :</u> ഈ കേസിലെ അവകാശവാദങ്ങളുടേയും തർക്കങ്ങളുടേയും പ്രത്യേകതകൾ കണക്കാക്കുമ്പോൾ ടി 2 പരിഗണനാസംഗതികളും ഒന്നിച്ചു പരിഗണിക്കുന്നത് നീതിയുക്തമായ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിയുമെന്ന് കാണുന്നു. അതിനാൽ ഇവ ഒരുമിച്ച് പരിഗണിക്കുന്നു. എതിർകക്ഷി സഹകരണ ബാങ്കിൽ ഹർജിക്കാരൻ ദിവസവേതനക്കാരനായി 8 വർഷക്കാലം ജോലി ചെയ്തു എന്ന

സംഗതിയെപ്പറ്റി ആർക്കും തർക്കമില്ല. എന്നാൽ ഇതു സംബന്ധിച്ച് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നെയ്യാറ്റിൻകര, 15/10/2019 ൽ ഹർജിക്കാരന് നല്കിയ കത്തിൽ മാനുഷിക പരിഗണന വെച്ച് ഭാവിയിൽ ടി ബാങ്കിൽ ഉണ്ടാകുവാൻ സാധ്യത യുള്ള ഒഴിവുകളിൽ ഒന്നിൽ ടിയാനെ നിയമിക്കണമെന്ന നിർദ്ദേശം എതിർകക്ഷി ബാങ്കിന് നൽകിയിട്ടുണ്ട് എന്ന് വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യം ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. ടി ഔദ്യോഗിക അറിയിപ്പിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

നമ്പർ നെയ്യാ 2077/19 സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ,

(ജനറൽ) ആഫീസ്, നെയ്യാറ്റിൻകര

തീയതി 15-10-2019

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
നെയ്യാറ്റിൻകര

കുമാർ.എ
പ്ലാങ്കാലവിള വീട്,
കിടാരക്കുഴി,
കിടാരക്കുഴി പി.ഒ

സർ,

വിഷയം:- നെയ്യാറ്റിൻകര സഹകരണ അർബൻ ബാങ്കിലെ താൽക്കാലിക ജീവനക്കാരെ പിരിച്ച് വിട്ടത് സംബന്ധിച്ച്.

സൂചന:- താങ്കളുടെ 7-9-19 ലെ പരാതി.

നെയ്യാറ്റിൻകര സഹകരണ അർബൻ ബാങ്കിൽ താങ്കൾ താത്ക്കാലിക ജീവ നക്കാരനായി സേവനമനുഷ്ഠിച്ചിരുന്നെന്നും 31-8-19 ൽ പിരിച്ചുവിട്ടു എന്നും പരാതിപ്പെ ട്ടിരുക്കുന്നു. ബാങ്കിന്റെ 31-8-19 ലെ 161-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം ദിവസ കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 10 പേരെ 31-8-19 ന് ശേഷം ടി ജോലിയിൽ നിന്ന് മാറ്റി നിറുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് ബാങ്കിൽ നിന്നും അറിയിച്ചിരിക്കുന്നു.

15-10-2019 ലെ നെയ്യാ.2077/19-ാം നമ്പർ കത്ത് മുഖേന ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവിൽ മാനുഷിക പരിഗണന നൽകി നിയമാനുസൃതം നിയമനം നൽകുന്നതിന് ബാങ്കിന് അറിയിപ്പ് നൽകിയിട്ടുള്ളതിനാൽ താങ്കൾ ബാങ്ക് ഭരണസമിതിയ്ക്ക് അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)

നെയ്യാറ്റിൻകര

6. ടി ഔദ്യോഗിക അറിയിപ്പിൽ നിന്നും ഹർജിക്കാരന്റെ പുന:ർനിയമനം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം എതിർകക്ഷി സഹകരണ ബാങ്കിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) രേഖാമൂലം നല്കിയിട്ടുണ്ട് എന്ന സംഗതി തെളിവിൽ വന്നിട്ടുണ്ട്. എന്നാൽ ടി ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ ഈ നടപടിയിൽ ഫയൽ ചെയ്ത കാര്യവിവരപത്രികയിൽ ടി സംഗതി മന:പൂർവ്വം മറച്ചുവെച്ചതായാണ് കാണുന്നത്. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നെയ്യാറ്റിൻകര നിയമപരമായ അത്തരം ഒരു ഉറപ്പ് ഹർജിക്കാരന് നിയമപ്രകാരം നല്കിയിരിക്കുന്നതിനാൽ അതിനെപ്പറ്റി ആക്ഷേപമുള്ളപക്ഷം 15/10/2019 ലെ ടി ഔദ്യോഗിക അറിയിപ്പിനെതിരെ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ മേലധികാരി മുമ്പാകെ, നിയമനടപടികൾ കൈകൊണ്ട് ടി ഔദ്യോഗിക അറിയിപ്പ് പിൻവലിപ്പിക്കുകയോ, റദ്ദാക്കുകയോ ചെയ്യേണ്ടതായിരുന്നു. അത്തരം നിയമനടപടികൾ യാതൊന്നും കൈക്കൊള്ളാതെ ടി ഔദ്യോഗിക അറിയിപ്പ് വിവരം ഈ നടപടിയിൽ സഹകരണ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ ഒളിപ്പിച്ചുവെച്ചത് ടിയാന്റെ ഉത്തമവിശ്വാസമില്ലായ്മയാണ് വെളിവാക്കുന്നത്. ഹർജിക്കാരന്റെ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് Ext.P1 ആയും നെയ്യാറ്റിൻകര സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 15/10/2019 ലെ ടി കത്തിന്റെ പകർപ്പ് Ext.P2 ആയും അക്കമിട്ടു.

7. എതിർകക്ഷി ബാങ്കിനുവേണ്ടി ഈ നടപടിയിൽ ഹാജരായ അഭിഭാഷകൻ ടി ബാങ്കിലെ എല്ലാ സ്ഥിരനിയമനങ്ങളും സഹകരണ റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടു എന്നാണ് അറിയിച്ചത്. ഇത് പൂർണ്ണമായും സത്യമല്ല എന്ന് മനസ്സിലായത് ഇത്തരം സ്ഥാപനങ്ങളിലെ ക്ലാസ് ഫോർ തസ്തികകളിലെ നിയമനം ടി ബോർഡിന്റെ അധികാരപരിധിയിലുള്ള കാര്യ മല്ല എന്നു മനസിലായപ്പോഴാണ്. ഇത്തരം സത്യവിരുദ്ധമായ പ്രസ്താവനകൾ എതിർകക്ഷി ക്കെതിരായ അനുമാനങ്ങൾ കൈകൊള്ളുന്നതിനു മാത്രമേ സഹായിക്കൂ എന്നു കൂടി വ്യക്തമാക്കുകയാണ്. എതിർകക്ഷി ബാങ്കിൽ നിയമത്തിൽ പറയുന്നപോലെ ഭിന്നശേഷി ക്കാരനെ ഇതിനകം നിയമിച്ചതായോ, അതിനുള്ള പ്രത്യേക നടപടികൾ കൈകൊണ്ടു വരു ന്നതായോ ഒരു തർക്കം എതിർകക്ഷി ഉന്നയിച്ചിട്ടില്ല. ഭിന്നശേഷി സംവരണം തങ്ങൾക്ക് ബാധകമല്ല എന്ന നിലപാട് കൈക്കൊള്ളാൻ എതിർകക്ഷി സഹകരണ സ്ഥാപനത്തിന്റെ ഭര ണസമിതിക്ക് അധികാരമില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

8. Ext.P2 രേഖ, ഈ കേസിലെ പരിഗണനാസംഗതികൾ പരിഗണിക്കുന്ന കാര്യ ത്തിൽ ഏറ്റവും പ്രസക്തവും പ്രധാനപ്പെട്ടതുമായ ഒരു രേഖയാണ്. Ext.P2 പ്രകാരം സഹക രണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹർജിക്കാരനു നൽകിയ ഉറപ്പിൽ നിന്നും വ്യതിചലിക്കുന്നതിനോ അതിനെ നിഷേധിച്ച് പ്രവർത്തിക്കുന്നതിനോ എതിർകക്ഷി ബാങ്കിന് നിയമപ്രകാരം കഴിയില്ല എന്നത് ഇന്ത്യൻ തെളിവ് നിയമം 115-ാം വകുപ്പ് പ്രകാരം മനസ്സിലാ ക്കാവുന്നതാണ്. വാദതടസ്സം (estoppel) സംബന്ധിച്ച തെളിവ് നിയമത്തിലെ അടിസ്ഥാന തത്വങ്ങൾ (Principles) ഹർജിക്കാരനും എതിർകക്ഷി ബാങ്കും കക്ഷികളായുള്ള ഹർജിക്കാ രന്റെ ടി തൊഴിൽ സംബന്ധിച്ച എല്ലാ നിയമനടപടികളിലും പ്രസക്തവും ബാധകവുമാണ്.

Doctrine of estoppel precludes a person from denying or to negate anything to the contrary of that which has been constituted as truth either by his own actions or by his representations. Principle of estoppel is a legal rule that prevents someone from saying that something they have previously stated to be true on that was established to be true is not true.

9. ടി തെളിവുകളുടേയും വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന് ഭിന്നശേഷിക്കാരൻ എന്ന നിലയിൽ എതിർകക്ഷി സഹകരണ ബാങ്കിൽ പുന:ർനിയമനം ലഭിക്കുന്നതിന് അർഹതയുണ്ട് എന്നും 2016 ലെ ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ള തൊഴിൽ സംവരണാനുകൂല്യത്തിന് ഹർജിക്കാരന് അർഹതയുണ്ട് എന്നും ഹർജിക്കാരന്റെ ടി അവകാശങ്ങൾ Exts.P2 ന്റെ അടിസ്ഥാനത്തിൽ എതിർകക്ഷി സഹകരണ ബാങ്ക് അനുവദിച്ച് നൽകേണ്ടതാണെന്നും ഇതിനാൽ തീരുമാനിക്കുന്നു. പരിഗണനാ സംഗതികൾ (1) & (2) ഇപ്രകാരം ഹർജിക്കാരന് അനുകൂലമായി തീരുമാനിച്ചിരിക്കുന്നു.

10. <u>പരിഗണനാസംഗതി (3)</u> പരിഗണനസംഗതികൾ (1) & (2) ന്റെ ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് പരിഹാരങ്ങൾക്ക് അർഹതയുണ്ടെന്ന് ഇതിനാൽ തീരുമാനിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം 80 (b) വകുപ്പ് പ്രകാരം താഴെപറയുന്ന ശുപാർശ ഉത്തരവുകൾ എതിർകക്ഷി നെയ്യാറ്റിൻകര സഹകരണ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് മാനേജിംഗ് ഡയറക്ടർക്ക് നൽകുന്നു.

1) Exts.P2 ന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരനായ ഹർജിക്കാരന് എതിർകക്ഷി ബാങ്കിൽ പ്യൂൺ ആയി സ്ഥിര നിയമനം ലഭിക്കുന്നതിന് അർഹതയുണ്ടെന്നും, ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ എതിർകക്ഷി ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ ഹർജിക്കാരനെ പ്യൂൺ ആയി സ്ഥിര നിയമനം നൽകി ഉത്തരവ് ഹർജിക്കാരന് നൽകേണ്ടതും അപ്രകാരം ഹർജിക്കാരന് സ്ഥിരനിയമനം നൽക്കാൻ ടി തസ്തികയിൽ ഇപ്പോൾ ഒഴിവില്ല എന്നു കാണുകയാണെങ്കിൽ ടിയാനെ സൂപ്പർ ന്യൂമററിയായി ഈ തസ്തികയിൽ എതിർകക്ഷി ബാങ്കിൽ നിയമിക്കേണ്ടതും സ്ഥിരമായ ഒഴിവ് വരുന്ന മുറയ്ക്ക് ഹർജിക്കാരന് സ്ഥിരമായ നിയമനം നൽകേണ്ടതുമാണ്.

2) ഈ ഉത്തരവ് സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് എതിർകക്ഷി ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ 2016 ലെ ഭിന്നശേഷി അവകാശ നിയമം 81-ാം വകുപ്പ് പ്രകാരം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ ഫയൽ ചെയ്യേണ്ടതാണ്.

3) ഈ ഉത്തരവിന്റെ സൗജന്യ പകർപ്പുകൾ താമസം കൂടാതെ രണ്ട് കക്ഷി കൾക്കും നെയ്യാറ്റിൻകര സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറലൽ) ക്കും ഭിന്നശേഷി കമ്മീഷണറേറ്റിൽ നിന്നും അയച്ചുകൊടുക്കേണ്ടതാണ്.

ഇപ്രകാരം കേസ്സിലെ നടപടികൾ അവസാനിപ്പിച്ചിരിക്കുന്നു.

**2022 ഫെബ്രുവരി മാസം 26-ാം തീയതി**

**ഒപ്പ്/-**
**എസ്.എച്ച്.പഞ്ചാപകേശൻ,**
**സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

**അനുബന്ധം :**

Ext.P1 – ഹർജിക്കാരന്റെ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

Exts.P2- നെയ്യാറ്റിൻകര സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 15/10/2019 ലെ ടി കത്തിന്റെ പകർപ്പ്.

**ഒപ്പ്/-**
**എസ്.എച്ച്.പഞ്ചാപകേശൻ,**
**സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

**ഉത്തരവിൻ പ്രകാരം**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**